REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-11-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **എറണാകുളം - ബംഗലൂരു വന്ദേഭാരത് എക്സ്പ്രസ് ഉൾപ്പെടെ നാല് വന്ദേഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വാരണാസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും.**
- **പ്രധാനമന്ത്രി വൈകിട്ട് ന്യൂഡൽഹിയിൽ ലീഗൽ സർവീസസ് അതോറിറ്റിയുടെ ദേശീയ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും.**
- **തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ട അലൈൻമെന്റിന് മുഖ്യമന്ത്രി പിണറായി വിജയൻ അംഗീകാരം നൽകി.**
- **അടുത്തവർഷം മുതൽ ശാസ്ത്രമേളയിൽ വിജയികളാകുന്ന ജില്ലയ്ക്ക് സ്വർണക്കപ്പ് ഏർപ്പെടുത്തുമെന്ന് മന്ത്രി V. ശിവൻകുട്ടി.**
- **ഇന്ത്യ - ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം ഉച്ചകഴിഞ്ഞ് ബ്രിസ്ബെയിനിൽ.**

## വാർത്തകൾ വിശദമായി

എറണാകുളം - ബംഗലൂരു വന്ദേഭാരത് എക്സ്പ്രസ് ഉൾപ്പെടെ നാല് വന്ദേഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വാരണാസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും. മണ്ഡല സന്ദർശനത്തിന് ഇന്നലെ വാരണാസിയിലെത്തിയ പ്രധാനമന്ത്രിക്ക് പാർട്ടി പ്രവർത്തകരും ജനങ്ങളും ഊഷ്മള വരവേൽപ്പൊരുക്കിയിരുന്നു.

എട്ട് മണിക്കൂർ 40 മിനുട്ട് കൊണ്ട്  എറണാകുളത്തു നിന്നും ബംഗളുരുവിൽ എത്തുന്ന വന്ദേഭാരത് എക്സ്പ്രസിലൂടെ യാത്രാ സമയം രണ്ട് മണിക്കൂറിലേറെ ലാഭിക്കാനാവും.  രാവിലെ 8ന് എറണാകുളം ജംഗ്ഷനിൽ നിന്ന് യാത്ര ആരംഭിക്കുന്ന ഉദ്ഘാടന സർവീസ് വൈകിട്ട് 5.50ന് KSR ബംഗളുരു റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരും. എട്ട് കോച്ചുകളാണ് ട്രെയിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൃശൂർ, പാലക്കാട്, കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ്, സേലം, കൃഷ്ണരാജപുരം സ്റ്റേഷനുകളിൽ ട്രെയിനിന് സ്റ്റോപ്പ് ഉണ്ടായിരിക്കും. കേരളത്തിന് അനുവദിച്ച മൂന്നാമത്തെയും, സംസ്ഥാനവുമായി തമിഴ്നാടിനേയും, കർണാടകയേയും ബന്ധിപ്പിക്കുന്ന ആദ്യത്തെയും വന്ദേഭാരത് സർവീസാണിത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ന്യൂഡൽഹിയിൽ ലീഗൽ സർവീസസ് അതോറിറ്റിയുടെ ദേശീയ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. തുടർന്ന് പൊതു ചടങ്ങിനേയും അദ്ദേഹം അഭിസംബോധന ചെയ്യും.

'നിയമ സഹായ സംവിധാനങ്ങളെ ശക്തിപ്പെടുത്തൽ' എന്ന വിഷയത്തിലാണ് സുപ്രീം കോടതിയിൽ കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്.  രണ്ട് ദിവസത്തെ കോൺഫറൻസിൽ, നിയമ സേവന സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിക്കാനും എല്ലാവർക്കും നീതി ലഭ്യമാക്കാനും ആവശ്യമായ നടപടികൾ കേന്ദ്രീകരിച്ച് ചർച്ചകൾ നടത്തും.

✪✪✪

രാജ്യം ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുകയാണ്. തലമുറകളായി ഇന്ത്യക്കാരെ ഒന്നിപ്പിക്കാനും ഉയർന്നുവരാനും, രാഷ്ട്രത്തിന്റെ ചൈതന്യം ആഘോഷിക്കാനും പ്രചോദനമായ ഗാനമാണിത്. വന്ദേമാതരം എന്ന അനശ്വരഗീതം എഴുതിയ ബങ്കിം ചന്ദ്ര ചാറ്റർജിയെ  കുറിച്ച്  ഒരു റിപ്പോർട്ട്.

.....വോയ്സ്......

വന്ദേമാതര രചയിതാവായ  ബങ്കിം ചന്ദ്ര ചാറ്റർജി ആധുനിക ഇന്ത്യൻ സാഹിത്യത്തിലെ അതികായനും രാജ്യത്തെ പ്രഗത്ഭ എഴുത്തുകാരിൽ മുൻനിരക്കാരനുമാണ്. ആദ്യ ബംഗാളി നോവലായ ദുർഗേശനന്ദിനി 1865-ലാണ് അദ്ദേഹം പ്രസിദ്ധീകരിച്ചത്.  ആനന്ദമഠമാണ്  ബങ്കിംചന്ദ്രയുടെ ഏറ്റവും പ്രശസ്തമായ നോവൽ. ആനന്ദമഠത്തിലാണ് ദേശഭക്തി ഗീതമായ വന്ദേമാതരം ആദ്യമായി അവതരിപ്പിച്ചത്. ഈ കവിത ആദ്യം സാഹിത്യ പ്രസിദ്ധീകരണമായ ബംഗദർശനിൽ പരമ്പരയായി പ്രസിദ്ധീകരിച്ചു. പിന്നീട് 1882-ൽ ആനന്ദമഠത്തിന്റെ സമ്പൂർണ്ണ പതിപ്പിലും ഉൾപ്പെടുത്തി.

ശക്തി, സമൃദ്ധി, ദിവ്യത്വം എന്നിവയുടെ മൂർത്തീഭാവമായി മാതൃ രാജ്യത്തെ ആഘോഷിക്കുന്ന വന്ദേ മാതരം ഇന്ത്യയുടെ ഐക്യത്തിന്റെയും ആത്മാഭിമാനത്തിന്റെയും ആത്മാവിന് കാവ്യാത്മക ശബ്ദം നൽകുന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അംഗോള, ബോട്സ്വാന പര്യടനത്തിന് ഇന്ന് തുടക്കമാകും. അംഗോള പ്രസിഡന്റ് ലോറെൻസോയുമായി ഉഭയകക്ഷി ചർച്ച നടത്തുന്ന രാഷ്ട്രപതി, ചൊവ്വാഴ്ച്ച അംഗോളയുടെ 50-ാം സ്വാതന്ത്ര്യദിനാഘോഷത്തിലും പങ്കെടുക്കും. അംഗോളൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന അവർ അംഗോളയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും.

ഈമാസം 11 ന് രാഷ്ട്രപതി ബോട്സ്വാനയിലെത്തും.

✪✪✪

നരേന്ദ്രമോദി ഗവൺമെന്റ് സെപ്തംബർ 22 നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ എല്ലാ മേഖലയിലും ഗുണകരമായി മാറി കഴിഞ്ഞു. റിയൽ എസ്റ്റേറ്റ് മേഖലയിൽ നിരക്കിളവ് വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ആകാശവാണി തയാറാക്കിയ പ്രത്യേക റിപ്പോർട്ട്.

....(വോയ്സ്).....

സാധാരണക്കാരന്റെ, വീടെന്ന സ്വപ്ന സാക്ഷാത്കാരത്തിന് കെട്ടിട നിർമ്മാണ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ഏർപ്പെടുത്തിയ GST നിരക്കിളവ്, ഏറെ സഹായകരമായി. സിമന്റിന്റെ 28 ശതമാനം GST, 18 ആക്കിയത് നിർമ്മാണ ചെലവ് വലിയതോതിൽ കുറച്ചു. മാർബിൾ, ഗ്രാനൈറ്റ് എന്നിവക്ക് 12 ശതമാനമായിരുന്ന GST അഞ്ച് ശതമാനമായി. ഇഷ്ടികയുടെ നികുതിയും അഞ്ച് ശതമാനമായി കുറഞ്ഞു. ഇഷ്ടികപ്പണിയുടെ സേവനനികുതിയും അഞ്ച് ശതമാനമായി കുറിച്ചിരുന്നു. ഇതോടെ ഗ്രാമീണ മേഖലയിലെ വീട് നിർമ്മാണത്തിന് ചെലവ് വലിയ തോതിൽ കുറഞ്ഞു.

✪✪✪

തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ട അലൈൻമെന്റിന് മുഖ്യമന്ത്രി പിണറായി വിജയൻ അംഗീകാരം നൽകി. ടെക്നോപാർക്കിന്റെ മൂന്ന് ഫേസുകൾ, വിമാനത്താവളം, തമ്പാനൂർ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, സെക്രട്ടറിയേറ്റ്, മെഡിക്കൽ കോളേജ്, എന്നിവയെ ബന്ധിപ്പിക്കുന്ന ആദ്യ ഘട്ട അലൈൻമെന്റിനാണ് അംഗീകാരം ലഭിച്ചത്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആണ് പദ്ധതി നടപ്പാക്കുന്നത്.

പാപ്പനംകോട്ട് നിന്ന് ആരംഭിച്ച് ഈഞ്ചക്കലിൽ അവസാനിക്കുന്ന 31 കിലോമീറ്റർ പാതയിൽ 27 സ്റ്റേഷനുകൾ ഉണ്ടായിരിക്കും. കഴക്കൂട്ടം/ടെക്നോപാർക്ക്/കാര്യവട്ടം എന്നിവയാണ് ഇന്റർചേഞ്ച് സ്റ്റേഷനുകൾ.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഇന്നലെ രാത്രി എട്ട് വരെ 32 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ അറിയിച്ചു. എന്യൂമറേഷൻ ഫോം വിതരണത്തിന്റെ നാലാം ദിവസമായിരുന്നു ഇന്നലെ. ഓരോ ജില്ലയിലും ഓരോ ദിവസവും മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന BLOയെ, BLO of the day ആയി പ്രഖ്യാപിച്ച് അവരുടെ ഫോട്ടോ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടേയും ജില്ലാകളക്ടറുടേയും വെബ്സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും പ്രസിദ്ധീകരിക്കുമെന്ന് ഡോ. ഖേൽക്കർ അറിയിച്ചു.

✪✪✪

1962 ൽ വൈദ്യശാസ്ത്ര നോബൽ ജേതാവ് ഡോ. ജെയിംസ് വാട്സൺ അന്തരിച്ചു. 97 വയസ്സായിരുന്നു. ജനിതക ഘടന കണ്ടെത്തിയ ശാസ്ത്രജ്ഞരിൽ ഒരാളായിരുന്നു ജെയിംസ് വാട്സൺ.

✪✪✪

ചരിത്രത്തെ അറിയാനും, അറിയിക്കാനും പുതിയ തലമുറ തയ്യാറാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ പറഞ്ഞു. സ്വാതന്ത്ര്യ സമരസേനാനിയും, എഴുത്തുകാരനുമായ ലക്ഷ്മിദാസ് ബോർക്കർ എഴുതി R ഭാസ്കർ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത 'പതിനെട്ട് ജൂൺ - ഒരു ക്രാന്തി യാത്ര' എന്ന പുസ്തകം കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ പ്രകാശനം ചെയ്യുകയായിരുന്നു ഗവർണർ.

ഗോവയുടെ മോചനത്തിനായി പോരാടിയ റിട്ട. ലെഫ്റ്റനന്റ് കമാൻഡർ PK നാരായണപ്പിള്ളയെ വേദിയിൽ ഗവർണ്ണർ പൊന്നാടയണിയിച്ച് ആദരിച്ചു.

✪✪✪

അടുത്തവർഷം മുതൽ സ്കൂൾ ശാസ്ത്രമേളയിൽ വിജയികളാകുന്ന ജില്ലയ്ക്ക് സ്വർണക്കപ്പ് ഏർപ്പെടുത്തുമെന്ന് മന്ത്രി V. ശിവൻകുട്ടി അറിയിച്ചു. മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സമ്മാനത്തുകയും വർദ്ധിപ്പിക്കും.

57മത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം പാലക്കാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നഗരത്തിലെ ആറ് സ്കൂളുകളിലായി പുരോഗമിക്കുന്ന മേള തിങ്കളാഴ്ച സമാപിക്കും.

✪✪✪

പാലക്കാട്ടെ കൽപ്പാത്തി രഥോത്സവത്തിന് ഇന്ന് കൊടിയേറും. കൽപ്പാത്തിയിലെ നാല് പ്രധാന ക്ഷേത്രങ്ങളിലും രാവിലെയാണ് കൊടിയേറ്റ ചടങ്ങ്. ഒന്നാം തേരുത്സവം ഈ മാസം 14നാണ്. ഉത്സവത്തോടനുബന്ധിച്ച് കൽപ്പാത്തി ദേശീയ സംഗീതോത്സവം നാളെ ആരംഭിക്കും.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം ഉച്ചകഴിഞ്ഞ് ബ്രിസ്ബെയിനിലെ ഗബ്ബയിൽ ആരംഭിക്കും. ഇന്ത്യൻ സമയം 1.45നാണ് മത്സരം. ക്വീൻസ് ലാന്റിലെ നാലാം മത്സരം 48 റൺസിന് ജയിച്ച ഇന്ത്യ പരമ്പരയിൽ 2-1 എന്ന ലീഡ് നേടിയിട്ടുണ്ട്.

ഇന്ത്യൻ താരം ജസ്പ്രീത് ബുംമ്ര ഒരു വിക്കറ്റ് കൂടിയെടുത്താൽ Tട്വന്റി അന്താരാഷ്ട്ര മത്സരങ്ങളിൽ നൂറ് വിക്കറ്റ് തികയ്ക്കുന്ന രണ്ടാമത്തെ ഇന്ത്യൻ ബൗളർ എന്ന ബഹുമതി നേടിയെടുക്കും. ടെസ്റ്റ്-ഏകദിന-ട്വന്റി20 ഫോർമാറ്റുകളിൽ 100 വിക്കറ്റ് നേടുന്ന കളിക്കാരനെന്ന ബഹുമതിയും ബുംമ്രക്ക് സ്വന്തമാകും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ്- തൃശ്ശൂർ മാജിക് FC മത്സരം സമനിലയിൽ പിരിഞ്ഞു.

കണ്ണൂരിൽ നിന്ന് K O ശശിധരൻ

............(വോയ്സ് )..................

ഇരു ടീമുകളും ഓരോ ഗോളടിച്ചു കൊണ്ടാണ് പിരിഞ്ഞത്.രണ്ടാം പകുതിയിലെ 57 മിനിറ്റിൽ സ്റ്റേഡിയത്തെ ഇളക്കിമറിച്ച് സ്വന്തം തട്ടകത്തിൽ കണ്ണൂർ വാരിയേഴ്സിന്റെ മുഹമ്മദ് സിനാൻ അടിച്ച പന്താണ് ഗോളായി മാറിയത് കളിയുടെ അവസാന സെക്കൻഡിൽ തകർപ്പൻ തൃശ്ശൂരിന്റെ വിപിൻ അജയൻ ഗോൾ തിരിച്ചടിച്ചു കൊണ്ട് സമനിലയിൽ ആക്കി മത്സരം ഒന്നേ ഒന്നിന് അവസാനിച്ചു.

ഇന്നലെ രാത്രി കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ ഫുട്ബോൾ പ്രേമികളെ ആവേശ കൊടുമുടിയിൽ എത്തിച്ചു കൊണ്ടായിരുന്നു മത്സരം 5 റൗണ്ട് മത്സരങ്ങൾ പൂർത്തിയായപ്പോൾ പത്തു പോയിന്റുമായി തൃശ്ശൂർ മാജിക് എഫ്

സി ആണ് ഒന്നാമത്. മലപ്പുറം രണ്ടാം സ്ഥാനത്തും കണ്ണൂർ മൂന്നാംസ്ഥാനത്തുമാണ്

✪✪✪

നെല്ല് സംഭരിക്കുന്ന മില്ലുകൾക്ക് പുറമേ, ചൊവ്വാഴ്ച മുതൽ FCI, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ച് അധിക നെല്ല് സംഭരിക്കുമെന്ന് മന്ത്രി GR അനിൽ അറിയിച്ചു. മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തിൽ സപ്ലൈകൊ ഉദ്യോഗസ്ഥരും കർഷകരുമായി നടത്തിയ ചർച്ചയ്ക്ക് ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. കർഷകരിൽ നിന്ന് ഇതുവരെ സംഭരിച്ച നെല്ലിന്റെ വില തിങ്കളാഴ്ച മുതൽ കൊടുത്ത് തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. മന്ത്രി P പ്രസാദും ചർച്ചയിൽ പങ്കെടുത്തു.

✪✪✪

റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ആവിഷ്കരിച്ച ഓപ്പറേഷൻ രക്ഷിത പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. പദ്ധതിയിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട്, എന്നീ മേഖലകൾ കേന്ദ്രീകരിച്ച് റെയിൽവെ DYSP മാരുടെ മേൽനോട്ടത്തിൽ വനിതാ പൊലീസ് സേനാംഗങ്ങളെ അടക്കം ഉൾപ്പെടുത്തി ട്രെയിനുകളിലും പ്ലാറ്റ് ഫോമുകളിലും പെട്രോളിംഗ് നടത്തും.

✪✪✪

വട്ടിപലിശക്കാർക്കെതിരെ ഇടുക്കി ജില്ലയിലെ ഓപ്പറേഷൻ ഷൈലോക് പരിശോധനയിൽ നെടുംകണ്ടത്തു നിന്ന് 25 ലക്ഷത്തിൽപരം രൂപ പിടികൂടി. ഇടുക്കി ജില്ലയിലെ അതിർത്തി ഗ്രാമങ്ങളും ഉൾനാടൻ പ്രദേശങ്ങളും കേന്ദ്രീകരിച്ചാണ് വട്ടിപലിശക്കാർ സാധാരണക്കാരെ കൊള്ളയടിക്കുന്നത്.

✪✪✪

തൊടുപുഴ ന്യൂമാൻ കോളേജിൽ പ്രൊഫ. AT ജോൺ മെമ്മോറിയൽ ഓൾ കേരള ഇന്റർ കോളേജിയേറ്റ് NCC ഫെസ്റ്റ് ആരംഭിച്ചു. ഫെസ്റ്റിന്റെ ഭാഗമായി വന്ദേമാതരത്തിന്റെ 150-ാം വാർഷിക ആഘോഷം കൂടി സംഘടിപ്പിച്ചിരുന്നു.

ഫുട്ബോൾ, വടംവലി, ഗാർഡ് ഓഫ് ഓണർ, വന്ദേമാതരം ആലാപനം തുടങ്ങിയ മത്സരങ്ങൾ ഫെസ്റ്റിലുണ്ടായിരിക്കും.

✪✪✪

താമരശ്ശേരി അമ്പായത്തോട്ടിലെ ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റ് തുറക്കുന്നതുമായി ബന്ധപ്പെട്ട് പ്രദേശത്ത്  ഏർപ്പെടുത്തിയ നിരോധനാജ്ഞ ഈ മാസം 13 വരെ നീട്ടി. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനും ക്രമസമാധാനം ഉറപ്പുവരുത്താനുമാണ് നടപടി.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader:  അനിൽ ചന്ദ്രൻ,*
*NRTs: ശ്രീജി,*
*DEO : സി കെ സുബോധ്*